(ബി) ആർ.എൽ.ഇ.ജി.പി. സ്കീമിൽ പെടുത്തി ലോവർ പ്രൈമറി സ്കൂളുകൾക്കാണ് കെട്ടിടംപണി നടത്തുന്നത്. ചില ലോവർ പ്രൈമറി സ്കൂളുകൾക്ക് ഇങ്ങനെ ആർ.എൽ.ഇ.ജി.പി. സ്കീമിൽ കെട്ടിടംപണി നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എൻ. ആർ. ഇ. പി. പദ്ധതി സ്കൂൾ കെട്ടിടം പണിയുന്നതിനുള്ളതല്ല.

മടത്തറക്കാണി ഹൈസ്കൂളിനും ഭരതന്നൂർ ഹൈസ്കൂളിനും വേണ്ടി പുതിയ കെട്ടിടം

941 [1130] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ആവശ്യമായ കെട്ടിടങ്ങളും ഇല്ലാത്തതുകൊണ്ട് ഷിഫ്റ്റ് ഏർപ്പെടുത്തിയിരിക്കുന്ന മടത്തറക്കാണി ഹൈസ്കൂളിനും, ഭരതന്നൂർ ഹൈസ്കൂളിനും വേണ്ടി പുതിയ കെട്ടിടത്തിന് തയ്യാറാക്കിക്കഴിഞ്ഞ എസ്റ്റിമേറ്റിൻ പ്രകാരം കെട്ടിടം പണിയുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

ഈ സ്കൂളുകൾക്കുവേണ്ടി ഒരു ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള ഓരോ സെമി പെർമനൻറ് കെട്ടിടങ്ങൾ ജി. ഒ, (ആർ. റ്റി:) 1638/85/ആർ. ഡി. തീയതി 23-12-1985 അനുസരിച്ച് അനുവദിച്ചിട്ടുണ്ട്. പണികൾ പൂർത്തിയായിവരുന്നു.

ഉദുമ ഹൈസ്കൂളിന് കെട്ടിടം

942 [1131] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കാസർകോട് വിദ്യാഭ്യാസ ജില്ലയിലുള്ള ഉദുമ ഹൈസ്കൂളിനു സ്ഥലസൗകര്യമില്ലെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഹൈസ്കൂളിന് കെട്ടിടം പണിയുന്നതിന് വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉദുമ ഹൈസ്കൂളിനു കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly